# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*285 11/12/2018- ൽ മറുപടിയ്ക്ക്

## ദേശീയ റബ്ബർ നയം

**ചോദ്യം**

**ശ്രീമതി പി. അയിഷാ പോറ്റി**
**ശ്രീ.ഡി.കെ. മുരളി**
**ശ്രീ. ആന്റണി ജോൺ**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) ദേശീയ റബ്ബർ നയം വെറും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ധനകാര്യ വകുപ്പും, റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങു വിലയും, റബ്ബർ ബോർഡ് റബ്ബറിന് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയാക്കി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകി വരികയാണ്. ഇപ്പോൾ റബ്ബറിന് കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി കണക്കാക്കുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്ക് സബ്സിഡി ലഭിക്കും. റബ്ബർ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൃഷി ഡയറക്ടർ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകികൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും, റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാത് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക്ക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരികയും ചെയ്യുന്നു.

(ബി) അനിയന്ത്രിതമായ ഇറക്കുമതിമൂലം റബ്ബറിന്റെ വിലയിലുണ്ടായ തകർച്ച ആഭ്യന്തര ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ചി1-5 ലനിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. Advance Authorisation/ DFIA സ്കീം പ്രകാരം Export obligation period 12 മാസത്തിൽ നിന്നും 6 മാസമായി കുറച്ചിട്ടുണ്ട്. ഉണങ്ങിയ സ്വാഭാവിക റബ്ബറിന്റെ Basic import duty കിലോയ്ക്ക് 20% അഥവാ 30/- രൂപ ഏതാണോ കുറവിൽ നിന്നും 25% അഥവാ 30/- രൂപ ഏതാണോ കുറവ് എന്നാക്കി 30.04.2015 മുതൽ നടപ്പാക്കി വരുന്നു.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചെന്നൈ, Nhava Sheva (ജവഹർലാൽ നെഹ്റു പോർട്ട്) എന്നിവയിലൂടെ മാത്രമായി 2016 മുതൽ ചുരുക്കിയിട്ടുണ്ട്. Port restriction for Advance Authorisation import ഒഴിവാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം, ഇറക്കുമതി വില എന്നിവ ചുവടെ ചേർക്കുന്നു.

| **വർഷം** | **ഉൽപ്പാദനം (Tonne)** | **ഇറക്കുമതി (Tonne)** | **വില RSS4 (Rs / Kg)** |
|---|---|---|---|
| 2012-13 | 913700 | 262753 | 176.82 |
| 2013-14 | 774000 | 360263 | 166.02 |
| 2014-15 | 645000 | 442130 | 132.57 |
| 2015-16 | 562000 | 458374 | 113.06 |
| 2016-17 | 691000 | 426188 | 135.49 |
| 2017-18P | 694000 | 469760 | 129.80 |
| April 2018 p | 40000 | 38603 | 120.12 |
| May 2018 p | 42000 | 41385 | 124.19 |
| June 2018 p | 44000 | 41254 | 126.46 |
| July 2018 p | 46000 | 40522 | 129.19 |
| August 2018 p | 40000 | 58675 | 132.67 |
| September 2018 p | 65000 | 73769 | 130.48 |
| October 2018 p | 67000 | 62047 | 127.80 |

| | |
|---|---|
| (സി) ഇപ്രകാരമുള്ള പ്രതികൂല സാഹചര്യത്തിലും റബ്ബർ വില സ്ഥിരതാ പദ്ധതി ആനുകൂല്യങ്ങൾ കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) 2015-16-ൽ പദ്ധതി പ്രകാരം വകയിരുത്തിയ 300 കോടി രൂപയും, 2016-17-ൽ വകയിരുത്തിയ 500.00 കോടി രൂപയും സബ്സിഡിയായി വിതരണം നടത്തി. 2017-18-ൽ 125 കോടി രൂപസബ്സിഡിയായി നൽകിയിട്ടുണ്ട്. 2018-19 -ൽ 300 കോടി രൂപ കർഷകർക്കുള്ള സബ്സിഡി വിതരണത്തിനായി ധനകാര്യവകുപ്പിൽ നൽകിയിട്ടുണ്ട്. നവംബർ മാസം വരെ ലഭിച്ച ബില്ലുകൾ പരിശോധിച്ച് സബ്സിഡി കർഷകർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**